**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3733</u>** **<u>06-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിന് സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി വരെ ക്ലാസ്സുകളുള്ള 18 സ്കൂളുകളിൽ 17 എണ്ണത്തിലും 2020-21 വർഷത്തിൽ 100% വിജയം ഉണ്ടായിട്ടുണ്ട്. ആകെ പരീക്ഷ എഴുതിയ 648 വിദ്യാർത്ഥികളിൽ 647 പേരും വിജയിച്ചിട്ടുണ്ട്. 100 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയ്ക്ക് കുട്ടികളെ ഇരുത്തിയ 13 സ്കൂളുകളിൽ 6 എണ്ണത്തിൽ 100% വിജയം ലഭ്യമായിട്ടുണ്ട്. ആകെ പരീക്ഷയെഴുതിയ 786 പേരിൽ 717 പേർ വിജയിച്ചിട്ടുണ്ട് (91.22%). 14 പേർക്ക് മുഴുവൻ വിഷയങ്ങളിൽ എ+ ലഭിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ +2 പരീക്ഷയിൽ 100% വിജയം നേടിയ 11 സർക്കാർ സ്കൂളുകളിൽ 6 എണ്ണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ്. സി.ബി.എസ്.ഇ 12-ാം ക്ലാസ് പരീക്ഷയിലും വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന് 100% വിജയം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലും സമാനമായ വിജയങ്ങളാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളിലെ പഠനനിലവാരം വിലയിരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തു ന്നതിനുമായി 2019-20 സാമ്പത്തിക വർഷം Integrated Rural Technology Centre, മുണ്ടൂർ, പാലക്കാട് മുഖേന പഠനം നടത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത വിദ്യാലയങ്ങളിലെ പഠന നിലവാരത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും |

| | | | |
|---|---|---|---|
| | സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുമോയെന്നറിയിക്കാമോ? | | പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തു ന്നതിനുമായി 2019-20 സാമ്പത്തിക വർഷം Integrated Rural Technology Centre, മുണ്ടൂർ, പാലക്കാട് മുഖേന പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ